അബൂഹസന കുന്ദമംഗലം



# സങ്കുചിത പക്ഷപാതിത്വത്തിന് ദീനിൽ സ്ഥാനമില്ല

عَنْ جُبَيْرِبْنِ مُطْعِمٍ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ ﷺ
لَيْسَ مِنَّا مَنْ دَعَا إِلَى عَصَبِيَّةٍ، وَلَيْسَ مِنَّا مَنْ قَاتَلَ عَلَى عَصَبِيَّةٍ،
وَلَيْسَ مِنَّا مَنْ مَاتَ عَلَى عَصَبِيَّةٍ (ابو داود)

ജുബൈറുബിനു മുത്ഇമി (റ) ൽ നിന്ന്: നബി (സ) അരുളി: "സങ്കുചിത പക്ഷപാതിത്വത്തിലേക്ക് ക്ഷണിച്ചവൻ നമ്മിൽ പെട്ടവനല്ല. പക്ഷപാതിത്വത്തിന് വേണ്ടി പോരാടിയവൻ നമ്മിൽപെട്ടവനല്ല. പക്ഷപാതിത്വത്തിന് വേണ്ടി മരണപ്പെട്ടവനും നമ്മിൽപെട്ടവനല്ല" (അബൂദാവൂദ്).

ഗോത്രപരവും കുടുംബപരവുമായ പക്ഷപാതിത്വവും ദുരഭിമാനമനസ്സും കൊടികുത്തിവാണ കാലത്താണ് അവയ്ക്കെല്ലാം അതീതമായ ആദർശ സമൂഹത്തെ മുഹമ്മദ് നബി (സ) പടുത്തുയർത്തിയത്. തെറ്റിലും കലഹത്തിലുമെല്ലാം തന്റെ ഗോത്രത്തിന്റെ ഒപ്പം നിൽക്കുക എന്നതായിരുന്നു അന്നത്തെ നാട്ടുനടപ്പ്. ഇത്തരം പക്ഷപാതിത്വങ്ങളെയെല്ലാം റസൂൽ (സ) അവസാനിപ്പിച്ചു. നീതിയിലധിഷ്ഠിതമായ സാമൂഹിക ക്രമം നിലവിൽവന്നു. പിന്നീട് തെറ്റ് ചെയ്യുന്നവൻ സ്വന്തം ഗോത്രക്കാരനോ കുടുംബക്കാരനോ മതക്കാരനോ ആണെങ്കിലും അവനൊപ്പം നിൽക്കുന്നത് കൊടിയ പാതകമായി പ്രഖ്യാപിക്കപ്പെട്ടു. ഇത്തരത്തിലുള്ള സകല പക്ഷപാതിത്വങ്ങളെയും പ്രശ്നവത്കരിക്കുന്നതാണ് ഉപരിസൂചിത നബിവചനം.

ഒരു യഥാർഥ മുസ്‌ലിമിന് ഒരിക്കലും സങ്കുചിത പക്ഷപാതിയാവാൻ സാധ്യമല്ല. 'ജനങ്ങളുടെ രക്ഷിതാവും', 'ജനങ്ങളുടെ രാജാവും', 'ജനങ്ങളുടെ യഥാർഥ ആരാധ്യനു'മായ ഏകദൈവത്തിന്റെ സൃഷ്ടികളും അടിമകളുമായി സർവ മനുഷ്യരെയും കാണാനും ഏവരോടും സ്നേഹപൂർവം ഇടപഴകാനുമാണ് അവൻ അനുശാസിക്കപ്പെട്ടിട്ടുള്ളത്. ദൈവത്തിന്റെ ഭൂമിയിൽ ഒരേ വായു ശ്വസിച്ചും ഒരേ വെള്ളം കുടിച്ചും ഏകോദര സഹോദരങ്ങളായി വർത്തിക്കേണ്ട മനുഷ്യർ ജാതിയുടെയും മതത്തിന്റെയും വംശത്തിന്റെയും വർഗത്തിന്റെയും കുടുംബത്തിന്റെയും പേരിൽ പരസ്പരം കഴുത്തറപ്പന്മാരായി മാറുന്ന സാഹചര്യമുണ്ടായാൽ നാട്ടിൽ ശാന്തവും സ്വസ്ഥവും സ്വൈര്യവുമാർന്ന ജീവിതം സാധ്യമാകുന്നതെങ്ങനെ?

'അല്ലാഹുവിന്റെ ദൂതരേ, എന്താണ് പക്ഷപാതിത്വം?' എന്ന, ഒരനുയായിയുടെ ചോദ്യത്തിന് പ്രവാചക (സ)ന്റെ മറുപടി: "അക്രമത്തിന് വേണ്ടി നീ നിന്റെ സമുദായത്തെ സഹായിക്കലാണത്" (അബൂദാവൂദ്).

'ദൈവദൂതരേ, ഒരാൾ തന്റെ സമുദായത്തെ സ്നേഹിക്കുന്നത് വർഗീയതയാകുമോ' എന്ന, മറ്റൊരനുചരന്റെ സംശയത്തിന് മറുപടിയായി നബി(സ) പറഞ്ഞു: "ഇല്ല. പക്ഷേ, ഒരാൾ തന്റെ സമുദായത്തെ അക്രമത്തിന് വേണ്ടി സഹായിക്കുന്നെങ്കിൽ അതാണ് വർഗീയത" (അഹ്മദ്).

'തെറ്റായാലും ശരിയായാലും എന്റെ മതം' എന്ന ചിന്താഗതിയും തദടിസ്ഥാനത്തിലുള്ള സകലമാന പ്രവണതകളും, സമാധാനവും നീതിബോധവും മുറുകെപ്പിടിക്കാൻ ഉദ്ഘോഷിക്കുന്ന സത്യദീനിന്റെ വാഹകരുടെ സംസ്കാരമായിക്കൂടാത്തതാണ്.

ഔസ് (റ) പറയുന്നു: നബി (സ) പറയുന്നതായി ഞാൻ കേട്ടു: "അക്രമിയാണെന്നറിഞ്ഞുകൊണ്ട് അക്രമിക്ക് ശക്തി പകരാനായി അവന്റെ കൂടെ ചരിക്കുന്നവനാരോ അവൻ ഇസ്‌ലാമിൽ നിന്ന് പുറത്ത് പോയവനാണ്" (ബൈഹഖി).

അനസി(റ)ൽ നിന്ന്: നബി (സ) പറഞ്ഞു: "നിന്റെ സഹോദരൻ അക്രമിയാണെങ്കിലും അക്രമിക്കപ്പെട്ടവനാണെങ്കിലും നീയവനെ സഹായിക്കുക." ഒരനുചരൻ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഒരാൾ അക്രമിക്കപ്പെട്ടവനാണെങ്കിൽ എനിക്കവനെ സഹായിക്കാൻ പറ്റും. എന്നാൽ അക്രമിയെ എങ്ങനെയാണ് സഹായിക്കുക?" പ്രവാചകൻ പ്രതിവചിച്ചു: "അവനെ നീ അക്രമത്തിൽ നിന്ന് തടയുക. അതുതന്നെ നീയവന് ചെയ്തുകൊടുക്കുന്ന സഹായം" (ബുഖാരി, മുസ്‌ലിം).

ഭ്രാന്തവും അന്ധവുമായ വർഗീയതയും പക്ഷപാതിത്വവും മുഖമുദ്രയാക്കി നിരപരാധികളുടെ ചോര ചിന്താൻ വ്യഗ്രത കാട്ടുന്ന അവിവേകികളിൽ യഥാർഥ മുസ്‌ലിം ഒരു കാരണവശാലും പെട്ടുകൂടാത്തതാണ്. എന്നല്ല, വിവേകശാലികൾ അവരെ സർവശക്തിയുമുപയോഗിച്ച് തടയുകയും വേണം. വർഗീയതയെയും സങ്കുചിതത്വത്തെയും ആദർശമാക്കി കൊണ്ടുനടക്കുന്നവർ ഇത് സംബന്ധിച്ച പ്രവാചക വചനങ്ങളുടെ ആത്മാവുൾക്കൊള്ളുകയും പുനർവിചിന്തനത്തിന് തയാറാവുകയും വേണം. ●